

ഓണം- പെരുന്നാൾ അനുഭവം


• സ്നേഹ .എസ്
ജി.എച്ച്.എസ്, മങ്കട
മലപ്പുറം


# സജ്നയുടെ പെരുന്നാൾ വിരുന്ന്

ഹോം വർക്ക് ചെയ്യുമ്പോൾ നാളെ പെരുന്നാളാണല്ലോ എന്ന് പെട്ടെന്നാണ് ഓർത്തത്. അപ്പോഴാണ് ഒരു വിളി വന്നത്. എന്റെ പഴയകാല സുഹൃത്ത് സജ്നയായിരുന്നു അത്. പെരുന്നാളിന് ക്ഷണിക്കാൻ വിളിച്ചതാണ്. എനിക്ക് സന്തോഷമായി.

എന്റെ വീടിനടുത്തായിരുന്നു അവളുടെ വീട്. രാവിലെ എണീറ്റ് വളരെ ഉത്സാഹത്തോടെ ഞാൻ സജ്നയുടെ വീട്ടിലേക്ക് നടന്നു. എന്നെ കണ്ടതും അവൾ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു. അവളുടെ വീട്ടിൽ ഒരുപാട് വിരുന്നുകാർ വന്നിരുന്നു. അവൾ എനിക്ക് എല്ലാവരെയും പരിചയപ്പെടുത്തി. കൂടാതെ അവളുടെ മറ്റു കൂട്ടുകാരികളും ഉണ്ടായിരുന്നു. അതിൽ ചിലർ എന്റെയും കൂട്ടുകാരികളാണ്.

ഒരുപാട് വർഷങ്ങൾക്ക് ശേഷമാണ് ഞാൻ അവരെയെല്ലാം കാണുന്നത്. ഞങ്ങൾ ഒരുപാട് നേരം ഇരുന്ന് സംസാരിച്ചു. നേരം പോയതറിഞ്ഞില്ല. സജ്നയുടെ ഉമ്മ വന്ന് ഞങ്ങളെയെല്ലാം ഭക്ഷണം കഴിക്കാൻ വിളിച്ചു. വീട്ടിൽ വേറെയും വിരുന്നുകാർ

ഉണ്ടായിരുന്നിട്ടും ഞങ്ങളെ ആദ്യം ഭക്ഷണമേശക്ക് ചുറ്റും ഇരുത്തിയതിൽ ഞാൻ അത്ഭുതപ്പെട്ടു. അത് ചോദിച്ചപ്പോൾ ഉമ്മ പറഞ്ഞു. “സജ്ന മോൾടെ കൂട്ടുകാരികളാണ് ഞങ്ങളുടെ ഏറ്റവും വിശേഷപ്പെട്ട വിരുന്നുകാർ.” എനിക്ക് വളരെയധികം സന്തോഷം തോന്നി. ഭക്ഷണം കഴിച്ചപ്പോൾ ഉമ്മയുടെ  കൈപുണ്യത്തിനൊപ്പം കുടുംബാംഗങ്ങളുടെയും കൂട്ടുകാരുടെയും സമാഗമത്തിന്റെ സ്വാദും ഞാൻ അനുഭവിച്ചു.

കുടുംബാംഗങ്ങൾ എല്ലാം ഒത്തുചേർന്ന് കൊണ്ടാടുന്ന പെരുന്നാൾ ആഘോഷം എത്ര ആനന്ദദായകമാണ്. ഭക്ഷണത്തിന് ശേഷം സജ്നയുടെ വല്ല്യുമ്മ ഞങ്ങൾക്ക് പ്രവാചകനായ മുഹമ്മദ് നബിയുടെയും മറ്റും കഥകൾ പറഞ്ഞു തന്നു. അതിന് ശേഷം ഞങ്ങൾ അവിടെ അടുത്തുള്ള ലൈബ്രറിയിൽ പോയി. ഞാൻ പ്രവാചക കഥകൾ എന്ന പുസ്തകം എടുത്തു. വല്ല്യുമ്മയുടെ കഥകൾ എന്നിൽ അത്രമേൽ സ്വാധീനം ചെലുത്തിയിരുന്നു.

പിന്നെ വന്നവർ ഓരോരുത്തരായി പോവാൻ തുടങ്ങി. എല്ലാവർക്കും യാത്ര പറഞ്ഞ് ഏറ്റവും അവസാനമാണ് ഞാൻ പോന്നത്. വീട്ടിലെത്തിയിട്ടും എന്റെ മനസ്സിൽ നിറയെ ആ കുടുബാംഗങ്ങൾ എന്നോടു കാട്ടിയ നിർമല സ്നേഹമായിരുന്നു. ഇങ്ങനെ ഒരുപാട് ആഘോഷങ്ങളിലൂടെ നമ്മുടെ കുടുംബ ബന്ധങ്ങൾ പൂത്തുലയണം.





**ഓണം- പെരുന്നാൾ അനുഭവം**

● അസ്ന കെ. പർവീൻ
ജെ.ഡി.റ്റി ഇസ്‌ലാം
വെള്ളിമാടുകുന്ന്

# ഓണപ്പൂക്കളവും ഓണസദ്യയും

ഓണനാളുകൾ എന്നും സന്തോഷവും ആഘോഷലഹരിയുമാണ് പകർന്ന് നൽകുന്നത്. എന്റെ സ്കൂൾജീവിതകാലത്ത് ക്ലാസ് ടീച്ചറുടെ മേൽനോട്ടത്തിൽ ക്ലാസിലെ എല്ലാ കുട്ടികളുമൊത്ത് സ്കൂൾ വരാന്തയിൽ തീർക്കുന്ന അതിമനോഹരമായ പൂക്കളമാണ് ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒന്ന്.





പൂക്കളം തീർക്കാൻ പൂക്കൾ ശേഖരിക്കുന്നതും ഏറെ രസകരമാണ്. കുട്ടികളുടെ വീട്ടുവളപ്പിൽ നിന്നും കിട്ടുന്ന പലതരം പൂക്കളാണ് ഇടുന്നത്. തികയാത്ത പുക്കളും പൂക്കളം പൂർത്തിയാക്കാൻ ആവശ്യമായ മറ്റ് നിർദ്ദേശങ്ങളും ക്ലാസ് ടീച്ചറുടെ വകയാണ്.

ഓണാവധിക്ക് സ്കൂൾ പൂട്ടി കുട്ടികൾ പിരിയുമ്പോൾ തന്നെ ഓണസദ്യക്ക് സ്വന്തം വീടുകളിലേക്ക് ഇതര മതങ്ങളിലെ കൂട്ടുകാരികളെ ഓണസദ്യയുണ്ണാൻ ക്ഷണിക്കും. ഇതേ സൗഹൃദക്ഷണം പെരുന്നാൾ ആഘോഷിക്കുന്ന കുട്ടികളും ആവർത്തിക്കുന്നതോടെ പരസ്പരം വീടുകൾ സന്ദർശിക്കാനും വീട്ടുകാരുമായി സ്നേഹബന്ധം സ്ഥാപിക്കാനും മതമൈത്രി നിലനിർത്താനും സാധിക്കുന്നുവെന്നത് വലിയ കാര്യം!

അങ്ങനെ തിരുവോണ ദിവസം കുളിച്ച് ഉടുത്തൊരുങ്ങി കൂട്ടുകാരോടൊപ്പം പൂജയുടെ വീട് സന്ദർശിച്ചത് ഓർമ്മയിൽ മങ്ങാതെ നിൽക്കുന്നു. പൂജയുടെ അച്ഛനും അമ്മയും, അമ്മൂമയും, വലിയച്ഛനും ഏട്ടനും ഏട്ടത്തിയും എല്ലാം ചേർന്നാണ് കൂട്ടുകാരികളായ ഞങ്ങൾ ചെന്നപ്പോൾ സ്വീകരിച്ചത്.

സ്നേഹവും ബഹുമാനവും കളിതമാശയും കുസൃതികളുമെല്ലാം പങ്കുവെച്ച് കേമമായ സദ്യയും ഉണ്ട് ഒരുപാട് നേരം അവിടെത്തന്നെ ചെലവഴിച്ച് പിരിഞ്ഞുപോരുമ്പോൾ ഉണ്ടായത് സൗഹാർദ സന്ദർശനത്തിൻെറ സന്തോഷമാണോ പിരിയുമ്പോഴുള്ള സങ്കടമാണോ എന്ന് ഇപ്പോഴും പറയാൻ കഴിയുന്നില്ല.